**Malayala Manorama**

**20 August 2018**

**Doha, Qatar Assistance, Kerala Flood**

# ഖത്തർ സഹായം 42.60 കോടി രൂപ

ദോഹ● കേരളത്തിന് 50 ലക്ഷം ഡോളർ (ഏകദേശം 35 കോടി രൂപ) കൈമാറാൻ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽ താനിയുടെ ഉത്തരവ്. താമസ സൗകര്യങ്ങളൊരുക്കുന്നതിനുൾപ്പെടെ സഹായമെത്തിക്കാനാണിത്. ഖത്തർ സർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടന ഖത്തർ ചാരിറ്റി സ്വരൂപിക്കുന്ന 7.60 കോടി രൂപയ്ക്കു പുറമെയാണിത്.

ദുരന്തത്തിന് ഇരകളായവരുടെ കുടുംബങ്ങളുടെയും ഖത്തറിന്റെ വികസനത്തിൽ വലിയ പങ്കുവഹിച്ച ഇന്ത്യൻ ജനതയുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് അബ്ദുല്ല ബിൻ നാസർ ബിൻ ഖലീഫ അൽ താനി അറിയിച്ചു.

അബുദാബി● മുഖ്യമന്ത്രി പിണറായി വിജയനെ ഫോണിൽ വിളിച്ചു സഹായ വാഗ്ദാനവുമായി യുഎഇ കാബിനറ്റ്, ഭാവികാര്യ മന്ത്രി മുഹമ്മദ് അബ്ദുല്ല അൽ ഗർഗാവി. യുഎഇ വൈസ്പ്രസിഡന്റും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം കേരളത്തെ സഹായിക്കാനായി വിപുലമായ പദ്ധതി പ്രഖ്യാപിച്ചതിനെ തുടർന്നാണിത്.